(ബി) സാധാരണക്കാർക്കും ഗ്രാമീണർക്കുമടക്കം സാമ്പത്തിക ബാദ്ധ്യതയുടെ ഭാഗമായി ലോണും മറ്റും നൽകുന്നതിന് ഇത്തരമൊരു കാരണമുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.എഫ്.ഇ.-യുടെ ചിട്ടി സെക്യൂരിറ്റി ഇക ഗാരന്റി നൽകി എന്തെങ്കിലും സ്ഥാപനത്തിന് ലോൺ ലഭ്യമാക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ഡി) ചിട്ടിയുടെ സെക്യൂരിറ്റി ഇകയ്ക്ക് പരിധി ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ&ബി) നഷ്ടം ഉണ്ടാകുമെന്നതായി കണക്കാക്കാവുന്നതല്ല. ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾക്കുള്ള പരിധി, ചിട്ടി തിരുത്തുമുയ്ക്ക് കെ.എസ്.എഫ്.ഇ.-യ്ക്ക് ലഭിക്കുമാണ്ട്. ഇത്തരമൊരു വായ്പയും മറ്റും നൽകുന്നതിൽ കാലതാമസമുണ്ടായിട്ടില്ല.

(സി) കെ.എസ്.എഫ്.ഇ.-യുടെ ചിട്ടി സെക്യൂരിറ്റി ഇക ഗാരന്റി നൽകി ഒരു സ്ഥാപനത്തിനും ലോൺ ലഭ്യമാക്കിയിട്ടില്ല.

(ഡി) ചിട്ടി സെക്യൂരിറ്റി നിക്ഷേപത്തിനുള്ള പരിധി, ചിട്ടി തിരുത്തുമുയ്ക്ക് കെ.എസ്.എഫ്.ഇ.-യ്ക്ക് ലഭിക്കുമാണ്ട്. ചിട്ടി സെക്യൂരിറ്റി ഇകയ്ക്കുള്ള പരിധി പ്രതിമാസം ലഭിക്കുന്നതിനുവേണ്ടി കെ.എസ്.എഫ്.ഇ. നൽകിയിട്ടുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

**ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി**

11 (*341) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവിദ്യയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ നേതൃത്വത്തിൽ ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തൊക്കെ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതൊക്കെ കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് വേണ്ടി ലഭ്യമാക്കിയതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വ്യവസായവും വിദ്യാസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): *

(എ) ഉണ്ട്.

(ബി) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ ദേശീയതലത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് ദേശീയ ഭക്ഷ്യസംസ്കരണ മിഷൻ. ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ചയും വികസനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിലുള്ള കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ മൂല്യവർദ്ധന മികച്ച വില ലഭ്യമാക്കുക, ഉൽപന്നങ്ങൾ കേടാകുന്നത് തടയുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കൂടാതെ ഉപഭോക്താവിന് ഗുണമേന്മയുള്ള ഭക്ഷ്യഉല്പന്നങ്ങൾ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം രൂപീകരിച്ച ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ അനുസരിച്ച് സംസ്ഥാനത്ത് സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ ഏപ്രിൽ 2012-ൽ നിലവിൽ വന്നു. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75 ശതമാനവും സംസ്ഥാന വിഹിതം 25 ശതമാനവുമാണ്.

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി ലഭ്യമാക്കിയ കേന്ദ്ര സഹായങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75 ശതമാനവും സംസ്ഥാന വിഹിതം 25 ശതമാനവും ആണ്. ഇപ്രകാരം കിൻഫ്രയ്ക്ക് 9.67 കോടി രൂപ ലഭിച്ചിട്ടുണ്ട്. ടി യുക്ക 23 വ്യവസായ സംരംഭകർക്കായി അവരുടെ വ്യവസായങ്ങൾ വിപുലീകരിക്കുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും മറ്റും സഹായമായും, ഒരു പ്രോജക്ടിനും പദ്ധതിക്കും, 24 സംരംഭകരെ വികസന പദ്ധതികൾക്കുമായും (EDP) പ്രാരംഭ പ്രവർത്തനങ്ങൾക്കായും പൂർണ്ണമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിന്നിയോഗിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. തേർഡ്പാർട്ടി വ്യവസായ സംരംഭങ്ങളിൽ നോട്ടീസ് 780 പേർക്കും പ്രൊക്ടർ ആന്റ് ഗാംബിൾ കമ്പനിയിൽ നിയമിച്ചിട്ടുണ്ട്. സംരംഭകത്വ വികസന പദ്ധതികൾ വഴി 734 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ 2014-15 ലോടെ കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ സഹായം നിർത്തലാക്കിയിട്ടുണ്ട്.

**സി.എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ**

12 (T 342) ശ്രീ. കെ. ദാസൻ :

ഡോ. ടി. എം. തോമസ് ഐസക് :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പെട്രോളിതരരംഗത്തെയും വകുപ്പ് മേധാവികളുടെയും തൊഴിലിലുള്ള നിയന്ത്രണത്തിന് വിധേയമായി പ്രൊപ്പോസ്ഡ് പദ്ധതികൾ യഥാസമയം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പുതിയ പ്രൊപ്പോസലുകൾ നടത്തുന്നതിനുമുമ്പ് അവ നടപ്പാക്കുന്നതിനുവേണ്ടി അതിനായി രൂപമാതൃക കൊണ്ടുനടക്കുന്നതിനും വിശദമായ കാണിച്ച് വരുന്നതിനെ സി എ .ജി. തന്നെ വിമർശിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2014 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സംരംഭ വ്യവസായത്തെക്കുറിച്ചുള്ള സി ആന്റ് എ. ജി. റിപ്പോർട്ടിൽ 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ പുറത്തായി പ്രൊപ്പോസിക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കിയതിന്റെ നിജസ്ഥിതിയെ കുറിച്ചുള്ള പരാമർശവും കണ്ടെത്തലുകളും വിശദമാക്കാമോ; ഇതേക്കുറിച്ചുള്ള നിലപാട് വിശദമാക്കാമോ; പ്രൊപ്പോസലുകൾ നടപ്പിലാക്കാതെ പോയതിന്റെ യഥാർത്ഥ കാരണങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഇനി സർക്കാർ അനുവദിച്ച എത്രകോടി രൂപയുടെ പദ്ധതികളുടെ പുതിയ പ്രൊപ്പോസലുകൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ?

*ചോദ്യമറിയിച്ച രീതി

#T എന്നതിനു പകരം ചോദ്യനമ്പർ

9/7/18